നം.DDDKER/3092/2024-ITCELL

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം -695004
ഫോൺ :0471-2445749, 2445799
e-mail: dir.dairy@kerala.gov.in
cru.ddd@kerala.gov.in

തീയതി:11-09-2024

**സർക്കുലർ നം.44/2024**

വിഷയം:- ക്ഷീര വികസന വകുപ്പ് – ക്ഷീരവികസന വകുപ്പിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷീരസംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം- ക്ഷീരശ്രീ പോർട്ടൽ നടപ്പിലാക്കുന്നത് -സംബന്ധിച്ച്

സൂചന :- 1) G.O (Rt) No: 116/2019/DD Dated 03/10/2019 of Agri.(Dairy) Department നമ്പരിലുള്ള സർക്കാർ ഉത്തരവ്

2) 2023-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്ട്

3) ഡി3/67/2024-ഡിഡി സർക്കാർ കത്ത് പ്രകാരം ഗവ.സെക്രട്ടറി നടത്തിയ സർക്കാർ യോഗങ്ങളിലെ നിർദ്ദേശങ്ങൾ

4) 2024-25 സാമ്പത്തിക വർഷത്തിലെ DDDKER/1372/2024 –D3 dated 03/05/2024 നമ്പർ ഉത്തരവ് പ്രകാരമുള്ള ഭരണാനുമതി

ക്ഷീരവികസന വകുപ്പിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷീരസംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനമായ ക്ഷീരശ്രീ പോർട്ടൽ നടപ്പിലാക്കുന്നതിന് മേൽ സൂചനകൾ പ്രകാരം സർക്കാർ തീരുമാനിക്കുകയും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ആയത് നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികളുടെ ഭാഗമായി, പരീക്ഷണാടിസ്ഥാനത്തിൽ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിന് ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ക്ഷീരസംഘങ്ങൾക്കു ഇതിനാൽ നിർദ്ദേശം നല്കുന്നു.

ആയതിനു വേണ്ട പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ ഡെപ്യൂട്ടി ഡയറക്ടർമാർ

ക്രോഡീകരിക്കേണ്ടതും നേതൃത്വം വഹിക്കേണ്ടതുമാണ്. ജില്ലകളിൽ ഡെപ്യൂട്ടി ഡയറക്ടർമാരുടെ നേതൃത്വത്തിൽ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിന് ടെക്നിക്കൽ അസിസ്റ്റന്റ്, ക്വാളിറ്റി കൺട്രോൾ ഓഫീസർ, രണ്ട് ക്ഷീരവികസന ഓഫീസർമാർ, 4 ഡയറിഫാം ഇൻസ്ട്രക്ടർമാർ, ജില്ലാതല ഐ.റ്റി. അസിസ്റ്റന്റ് (ജില്ലാ ഓഫീസിൽ ജോലി ചെയ്യുന്ന കംപ്യൂട്ടർ അധിഷ്ഠിത യോഗ്യതയുള്ള ഒരു ഉദ്യോഗസ്ഥൻ) എന്നീ ഉദ്യോഗസ്ഥർ അടങ്ങിയ ഒരു ക്ഷീരശ്രീ സ്ക്വാഡ് രൂപീകരിക്കേണ്ടതുണ്ട്. ജില്ലാതലത്തിൽ രൂപീകരിച്ച ക്ഷീരശ്രീ സ്ക്വാഡ് സംബന്ധിച്ച് ഡെപ്യൂട്ടി ഡയറക്ടർമാർ ഈ സർക്കുലർ ലഭിച്ച് ഒരാഴ്ചക്കകം ഉത്തരവ് പുറപ്പെടുവിക്കേണ്ടതും പകർപ്പ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും ക്ഷീരസംഘങ്ങൾക്കും ഡയറക്ടറേറ്റിലേക്കും നൽകേണ്ടതുമാണ്.

ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം ക്ഷീരശ്രീ പോർട്ടലിലൂടെ നടപ്പിലാക്കുന്നതിന് ജില്ലാതലത്തിൽ ആവശ്യമായ എല്ലാ നടപടികളും പ്രസ്തുത സ്ക്വാഡ് അംഗങ്ങൾ സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്. ക്ഷീരശ്രീ സ്ക്വാഡിൽ സാങ്കേതിക വിഷയങ്ങളുടെ നേതൃത്വം വഹിക്കേണ്ടത് ജില്ലാതല ക്വാളിറ്റി കൺട്രോൾ ഓഫീസർ ആയിരിക്കണം. ക്ഷീരസംഘങ്ങളിലെ ഇലക്ട്രോണിക് ഉപകരണങ്ങളുടെ കൃത്യത ഉറപ്പുവരുത്തുന്നതിനായി ഉപകരണങ്ങൾ കാലിബ്രേറ്റ് ചെയ്തിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതു ക്വാളിറ്റി കൺട്രോൾ ഓഫീസറുടേയും ടീമിന്റെയും ഉത്തരവാദിത്വമാണ്. എല്ലാ ക്ഷീരവികസന യൂണിറ്റുകളിലേയും തെരഞ്ഞെടുക്കപ്പെട്ട ഒരു ക്ഷീരസംഘത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കുമ്പോൾ കൃത്യമായ ഡാറ്റ ക്ഷീരശ്രീ സോഫ്റ്റ്‌വെയറിൽ ലഭിക്കുന്നുണ്ട് എന്നുറപ്പാക്കേണ്ടത് പ്രസ്തുത ക്ഷീരവികസന യൂണിറ്റിലെ ക്ഷീരവികസന ഓഫീസറുടേയും ഡയറി ഫാം ഇൻസ്ട്രക്ടർമാരുടേയും ഉത്തരവാദിത്വമാണ്. ആയതിനായി ജില്ലാ സ്ക്വാഡിന്റെ സഹായം ഉപയോഗിക്കാവുന്നതുമാണ്. ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള ക്ഷീരശ്രീ സ്ക്വാഡിന് ഏകീകൃത സോഫ്റ്റ്‌വെയർ സംബന്ധിച്ച പരിശീലനം നൽകേണ്ടത് ഡയറക്ടറേറ്റ് തലത്തിലുള്ള ഐ.റ്റി. സെൽ ആയിരിക്കും. ജില്ലയിലെ മറ്റു ഉദ്യോഗസ്ഥർക്കും ക്ഷീരസംഘങ്ങൾക്കും ആവശ്യമായ പരിശീലനം നല്കേണ്ടത് ക്ഷീരശ്രീ സ്ക്വാഡ് ആണ്.

ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട ക്ഷീരസംഘങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനമായ ക്ഷീരശ്രീ പോർട്ടൽ നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ ഈ സർക്കുലറിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള മാർഗനിർദേശ (Annexure) പ്രകാരം സ്വീകരിക്കേണ്ടതാണ്. തെരഞ്ഞെടുക്കപ്പെട്ട ക്ഷീരസംഘങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് നിർദ്ദേശിക്കുന്ന മോഡ്യൂളുകൾ വിജയകരമായി പൂർത്തിയാക്കിയതിനുശേഷം

ക്ഷീരസഹകരണ സംഘം രജിസ്ട്രാറുടെ നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ക്ഷീരവികസന വകുപ്പിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ ക്ഷീരസംഘങ്ങളിലും പ്രസ്തുത പദ്ധതി വ്യാപിപ്പിക്കേണ്ടതാണെന്നും ഇതിനാൽ അറിയിക്കുന്നു.

**ഡയറക്ടർ**

Signed by
Asif K Yusuf
Date: 18-09-2024 15:40:47

പകർപ്പ്:-1) എല്ലാ ജില്ലാതല ഡെപ്യൂട്ടി ഡയറക്ടർമാർക്കും

2) എല്ലാ ക്ഷീരവികസന ഓഫീസർമാർക്കും, ഡയറി ഫാം ഇൻസ്ട്രക്ടർമാർക്കും (ഡെപ്യൂട്ടി ഡയറക്ടർ മുഖേന )

3) എല്ലാ ക്ഷീര സംഘങ്ങൾക്കും

3) ഡയറക്ടറേറ്റിലെ എല്ലാ ഓഫീസർമാർക്കും

4) ഡി.എഫ്.ഐ, ഐ.റ്റി. സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

**മാർഗനിർദേശങ്ങൾ**

ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

1. കൃത്യമായ ഗുണനിലവാരം ഉറപ്പാക്കുന്നതിന് മിൽക്ക് അനലൈസർ കാലിബറേറ്റ് ചെയ്തിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതാണ്. പാലിലെ കൊഴുപ്പ്, കൊഴുപ്പിതര ഘടകങ്ങൾ എന്നിവയുടെ ശതമാനം അനലൈസറിൽ നിന്ന് കൃത്യമായി ലഭ്യമാകുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
2. കൃത്യമായ തൂക്കം ലഭിക്കുന്നതിനു വെയിംഗ് മെഷീൻ കാലിബറേറ്റ് ചെയ്തിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതാണ്.
3. മിൽക്ക് അനലൈസർ, വെയിംഗ് മെഷീൻ, എന്നിവയിൽ നിന്നുള്ള ഡാറ്റാ സോഫ്റ്റ്‌വെയറിൽ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.
4. പാൽ അളക്കുന്ന ക്ഷീര കർഷകർ ക്ഷീരശ്രീ പോർട്ടലിൽ രജിസ്റ്റർ ചെയ്ത സ്മാർട്ട് ഐ. ഡി. കരസ്ഥമാക്കിയിരിക്കണം.
5. പാൽ സംഭരിക്കുമ്പോൾ കൃത്യമായ ഗുണനിലവാരവും തൂക്കവും മെഷീനിലും, ആയത് പോർട്ടലിലും ലഭ്യമായി എന്ന് ഉറപ്പാക്കി മാത്രം ഡാറ്റ സേവ് ചെയ്യേണ്ടതാണ്.

6. സംഘം ഭാരവാഹികൾ, ജീവനക്കാർ എന്നിവർക്കാവശ്യമായ പരിശീലനം ക്ഷീരശ്രീ ജില്ലാ സ്ക്വാഡ് നൽകേണ്ടതാണ്.
7. ക്ഷീരകർഷകർക്കു ക്ഷീരശ്രീ പോർട്ടൽ സംബന്ധിച്ച് ആവശ്യമായ അവബോധം നൽകേണ്ടതാണ്.
8. ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിനായി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയ സംഘങ്ങളിൽ നിന്നുമുള്ള ഫീഡ്ബാക്ക് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർ നൽകേണ്ടതാണ്.
9. പാൽ സംഭരണവും വിപണനവുമായി ബന്ധപ്പെട്ട് ഗുണനിലവാരം ഉറപ്പാക്കുന്നത് സംബന്ധിച്ച ക്ഷീര വികസന വകുപ്പ് ഡയറക്ടറുടെ 19.08.2024 തിയതിയിലെ DDDKER/2817/2024-TC നമ്പരിലുള്ള സർക്കുലർ നം. 39/2024 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.